**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 265** **11.06.2012-ൽ മറുപടിക്ക്.**

## പുതിയ പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പുതുതായി ആരംഭിച്ച പോലീസ് സ്റ്റേഷനുകൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; പുതുതായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ; | : (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പുതുതായി അരുവിക്കര (തിരുവനന്തപുരം റൂറൽ), മരട് (കൊച്ചി സിറ്റി), മാരായമുട്ടം (തിരുവനന്തപുരം റൂറൽ), ഇൻഫോ പാർക്ക് (കൊച്ചി സിറ്റി) എന്നീ 4 പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു.<br><br>പോലീസ് സ്റ്റേഷൻ ആരംഭിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സവിശേഷത, കുറ്റകൃത്യങ്ങളുടെ എണ്ണം, തന്ത്രപരമായ പ്രാധാന്യം, പ്രസിദ്ധവും തിരക്കേറിയതുമായ ആരാധനാലയങ്ങൾ, ജനസംഖ്യ തുടങ്ങിയ പല ഘടകങ്ങളെ ആശ്രയിച്ചാണ് പുതിയ പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്നത്. |

(മറുപുറം)

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിക്കപ്പെട്ട കൊയിലാണ്ടി മണ്ഡലത്തിലെ കാപ്പാട് പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ;

: (ബി) കാപ്പാട് കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കേണ്ട ആവശ്യം ഇപ്പോഴില്ല എന്ന് കണ്ടതിനെത്തുടർന്ന്, കാപ്പാട് പ്രദേശം ഉൾപ്പെടുന്ന രീതിയിൽ കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് ചെങ്ങോട്ടുകാവിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ പോലീസ് ഡയറക്ടർ ജനറലിനോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഈ ആവശ്യം ഉന്നയിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരിൽ നിന്നാണ് ലഭിച്ചത് എന്നും അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നും വ്യക്തമാക്കാമോ ?

: (സി) ഈ ആവശ്യം ഉന്നയിച്ച് ശ്രീ.കെ.ദാസൻ എം.എൽ.എ. ബഹു.മുഖ്യമന്ത്രിയ്ക്ക് കത്ത് നൽകുകയും ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും ചെയ്തിരുന്നു. അതുപ്രകാരം കാപ്പാട് പ്രദേശം ഉൾപ്പെടുത്തി ചെങ്ങോട്ടുകാവിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ പോലീസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ